## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **23-01-2025 - ൽ മറുപടിയ്ക്ക്**

### റേഷൻ വിതരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻസാധനങ്ങളുടെ വാതിൽപ്പടി വിതരണം നടക്കാത്തതിനാൽ റേഷൻ വിതരണത്തിൽ പ്രതിസന്ധിയുണ്ടാകുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | റേഷൻ വിട്ടെടുപ്പ്/വാതിൽപ്പടി വിതരണം എന്നിവ നടത്തുന്ന ട്രാൻസ്പോർട്ടേഷൻ കരാറുകാർ കരാർ പ്രകാരമുള്ള വേതനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാരണത്താൽ ചില മാസങ്ങളിൽ മെല്ലെപോക്ക് നയം സ്വീകരിക്കുന്നുണ്ട്. അതിനാൽ റേഷൻ വിട്ടെടുപ്പും വാതിൽപ്പടി വിതരണവും ചില മാസങ്ങളിൽ വൈകിയിട്ടുണ്ടെങ്കിലും ആയത് പൊതുവിതരണ റേഷൻ സംവിധാനത്തെ പ്രതിസന്ധിയിൽ ആക്കിയിട്ടില്ല. |
| (ബി) | വാതിൽപ്പടി വിതരണത്തിലെ തടസ്സം കാരണം, അനുവദിക്കപ്പെട്ട അളവിൽ റേഷൻകടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വാതിൽപ്പടി വിതരണത്തിന് കാലതാമസം നേരിടുന്നത് കാരണം, അനുവദിക്കപ്പെട്ട അളവിൽ റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. എല്ലാ റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങളുടെ ബഫർ സ്റ്റോക്ക് സൂക്ഷിക്കുന്നതിനാൽ, വാതിൽപ്പടി വിതരണത്തിൽ വരുന്ന കാലതാമസം റേഷൻ വിതരണത്തെ ബാധിക്കാത്ത തരത്തിൽ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നുണ്ട്. |
| (സി) | റേഷൻസാധനങ്ങൾ മുടക്കംകൂടാതെയും ആക്ഷേപങ്ങൾ കൂടാതെയും വിതരണം ചെയ്യുന്നതിന് സ്ഥിരംസംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | റേഷൻ സാധനങ്ങൾ മുടക്കം കൂടാതെ ഗുണഭോക്താക്കൾക്ക് നൽകി വരുന്നുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ വാതിൽപ്പടി വിതരണം പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്ന പക്ഷം കോമ്പിനേഷൻ ബില്ലിംഗ് സംവിധാനം അനുവദിച്ചും ആവശ്യമെങ്കിൽ വിതരണ തീയതി നീട്ടി നൽകിയും എല്ലാ ഗുണഭോക്താക്കൾക്കും ഓരോ മാസത്തെയും അർഹതപ്പെട്ട റേഷൻ വാങ്ങുന്നതിന് അവസരം ഒരുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. എല്ലാ മാസവും 80% - ന മുകളിൽ കാർഡുടമകൾ റേഷൻ വാങ്ങി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ